പെരിന്തൽമണ്ണ താലൂക്ക് ഹോസ്പിറ്റൽ കെട്ടിടം

1099 [1747] ശ്രീ. കെ. കെ. എസ്. തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ താലൂക്കു ഹോസ്പിറ്റലിന് പുതുതായി കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) മരുന്ന് അലോട്ടുമെന്റിനു സ്വീകരിക്കുന്ന മാനദണ്ഡമെന്താണ്;

(സി) ഈ വർഷം അനുവദിച്ച സംഖ്യയെത്ര;

(ഡി) പുതിയതായി ആരംഭിച്ച വാർഡിലേക്ക് ഉപകരണങ്ങൾ അനുവദിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുൻകൊല്ലങ്ങളിലെ ഔട്ട് പേഷ്യന്റ്സിന്റെയും ഇൻ പേഷ്യന്റ് സിന്റെയും എണ്ണത്തിനനുസരിച്ചാണ് മരുന്നിന് പണം അലോട്ട് ചെയ്യുന്നത്.

(സി) 1,20,000 (ഒരു ലക്ഷത്തി ഇരുപതിനായിരം) രൂപ.

(ഡി) സ്റ്റോറാക്കുള്ള സാമഗ്രികൾ കൊടുത്തിട്ടുണ്ട്. മരുമുള്ളവ നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ഓൺഡർ, ഓർഡർ. ചോദ്യോത്തര സമയം കഴിഞ്ഞു.

II. ശ്രദ്ധക്ഷണിക്കൽ

(i) നിയമ വിദ്യാർത്ഥികളുടെ പണിമുടക്ക്

ശ്രീ. ടി. എം. ജേക്കബ്: സർ, കേരളത്തിലെ നിയമ വിദ്യാർ
9.30 A.M.] ത്ഥികൾ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾക്കെല്ലാം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അനുകൂലമായ പ്രതികരണം ഉണ്ടാകാത്ത സാഹചര്യത്തിൽ പ്രത്യക്ഷമായ ചില സമരപരിപാടികൾ ആവിഷ്കരിക്കുന്നതാണെന്ന് അവർ ഗവൺമെന്റിനെ അറിയിച്ചു കഴിഞ്ഞിട്ടുണ്ട്. 1978-ൽ അതേ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സംസ്ഥാനത്തെ നിയമകലാലയങ്ങളിലെ വിദ്യാർത്ഥികൾ സമരം നടത്തിയിരുന്നതാണ്. അന്ന് മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണി 2 പ്രാവശ്യം വിദ്യാർത്ഥികളെ വിളിച്ച് ചർച്ച നടത്തുകയുണ്ടായി. ഇപ്പോഴത്തെ മുഖ്യമന്ത്രി കഴിഞ്ഞ നവംബർ മാസത്തിൽ എറണാകുളത്ത് ചെന്നിരുന്ന അവസരത്തിൽ സ്റ്റാഫും സ്റ്റുഡന്റ്സും ഇതേ ആവശ്യങ്ങൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അതേ കുറിച്ച് സംസാരിക്കാമെന്ന് അദ്ദേഹം അവർക്ക് ഉറപ്പ് നൽകിയിരുന്നതാണ്. അതിനുശേഷം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഈ കാര്യങ്ങളെ കുറിച്ച് സംസാരിക്കുന്നതിനോ തീരുമാനമുണ്ടാക്കുന്നതിനോ ഉള്ള സമീപനം സ്വീകരിക്കാത്തതിന്റെ അടിസ്ഥാനത്തിലാണ് ഇന്നു വിദ്യാർത്ഥികൾ സമരരംഗത്തേക്ക് വന്നിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച് പറയുമ്പോൾ ഓരോ

LIBRARY ARCHIVES Kerala Legislative Assembly

വർഷങ്ങളിലും നിയമ കലാലയങ്ങളിൽനിന്ന് നിയമ ബിരുദം കരസ്ഥമാക്കി നിരവധി വിദ്യാർത്ഥികളും പുറത്തേക്ക് വരുന്നുണ്ട്. ഒരു കാലഘട്ടത്തിൽ ഈ കലാലയത്തിലേക്ക് കടന്നുചെല്ലാൻ മടിച്ചിരുന്നുവെങ്കിൽ ഉന്നതമായ നിലയിൽ ഡിഗ്രി സമ്പാദിച്ചതിനുശേഷം ആണ് ഇന്നു ഈ വിദ്യാലയങ്ങളിലേക്ക് കടന്നു ചെല്ലുന്നത്. അതിനുശേഷം പുറത്തേക്കു വരുന്ന നിയമജ്ഞന്മാരെ സംബന്ധിച്ചിടത്തോളം അവർക്ക് ജോലി തുടർന്നുകൊണ്ടുപോകാനുള്ള ബുദ്ധിമുട്ട് ഏറെ അനുഭവപ്പെടുകയാണ്. അതിലേക്ക് ദീർഘമായി കടന്നു സംസാരിക്കാൻ ആഗ്രഹിക്കുന്നില്ല. തീർച്ചയായും ഒരു ജനാധിപത്യ രാജ്യത്തിൽ അഭിഭാഷക ജോലിയുടെ പ്രാധാന്യവും മാഹാത്മ്യവും നമുക്കെല്ലാവർക്കും അറിവുള്ളതാണ്. 1969 മാർച്ച് 4-ാം തീയതി കേരളാ ബാർ കൗൺസിൽ യോഗം പാസ്സാക്കിയ പ്രമേയം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടുത്താൻ ആഗ്രഹിക്കുകയാണ്. ''യുവഅഭിഭാഷകരുടെ ഇന്നത്തെ അവസ്ഥ അത്യന്തം ദയനീയമാണ്. ഈ തൊഴിലിന്റെ പ്രാധാന്യവും മാഹാത്മ്യവും വളരെയേറെ നഷ്ടപ്പെട്ടിരിക്കുന്നു. ഇന്നു പലരും വെറുപ്പോടുകൂടിയാണ് ഈ തൊഴിലിനെ വീക്ഷിക്കുന്നത്. ഭൂരിപക്ഷം നിയമജ്ഞന്മാരെ സംബന്ധിച്ചിടത്തോളവും ജോലി, വരുമാനമില്ലാത്തതും പ്രതിഫലം ഇല്ലാത്തതുമായ ഒന്നാണ്. അവർ ദിനംപ്രതി നിരാശരായിക്കൊണ്ടിരിക്കുന്നു''. ഇതേ റിപ്പോർട്ടിൽ 26-ാം ഖണ്ഡികയിൽ ഇങ്ങനെ പറയുന്നു. ''യുവ അഭിഭാഷകർ അനുഭവിക്കുന്ന സാമ്പത്തിക പരാധീനതകളെപ്പറ്റി തികച്ചും ബോദ്ധ്യമുണ്ട്. അഭിഭാഷകവൃത്തി സ്വതന്ത്രവും മാഹാത്മ്യവുമാണെന്ന് പ്രസിദ്ധമാണെങ്കിലും ഒരു ജൂനിയറെ സംബന്ധിച്ചിടത്തോളം അതിന്റെ സാമ്പത്തിക വശം ഒട്ടും ആകർഷകമല്ല. ആവശ്യമുള്ള പുസ്തകങ്ങളും വാങ്ങാൻ പണമില്ല. ആഫീസ് ആവശ്യത്തിന് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഉപകരണങ്ങളും പോലും ഉണ്ടാക്കാൻ കഴിയുന്നില്ല. തൊഴിലിൽനിന്നുള്ള വരുമാനം ജീവിതത്തിന്റെ മിതമായ ആവശ്യങ്ങളും പോലും നിറവേറ്റാൻ തികയുന്നില്ല.''

സർ, ഞാൻ, ഇന്ന് ഈ ജൂനിയർ അഭിഭാഷകർ കൊണ്ടുവന്നിരിക്കുന്ന ചില ഡിമാൻഡുകളും ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ആ ഡിമാൻഡുകളും അവർ കരുപിടിപ്പിച്ചത് നമ്മുടെ ചീഫ് ജസ്റ്റിസും മറ്റു ജഡ്ജിമാരും അഭിഭാഷകരും നിയമസഭാസാമാജികന്മാരും ഒക്കെ സംബന്ധിച്ച സെമിനാറിൽനിന്നും ഉയർന്നുവന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ്. സർ, അതിനകത്ത് പ്രധാനമായി പറഞ്ഞിരിക്കുന്ന സംഗതി, നിയമപഠന കോഴ്സ് അഞ്ചു വർഷമാക്കി ചുരുക്കണമെന്നാണ്. ഇന്നു പത്തു വർഷം സ്കൂളിൽ പഠിച്ചതിനുശേഷം രണ്ടു വർഷം പ്രീ ഡിഗ്രി കഴിഞ്ഞ് മൂന്നു വർഷം ഡിഗ്രി കോഴ്സിനു പഠിച്ചശേഷം വീണ്ടും മൂന്നു വർഷം കൂടി നിയമകലാലയങ്ങളിൽ പഠിക്കേണ്ട സാഹചര്യമാണുള്ളത്. ഇന്നു എഞ്ചിനീയറിങ്ങ് കോഴ്സിനും മെഡിക്കൽ കോളേജിലുമൊക്കെ അഞ്ചു വർഷ കോഴ്സാണ് നിശ്ചയിച്ചിരിക്കുന്നത്. പ്രീ ഡിഗ്രി കഴിഞ്ഞതിനുശേഷം ആ കോളേജുകളിൽ പഠിക്കാൻ പോകാനുള്ള അവസരം ഉണ്ട്. അതുകൊണ്ട് നിയമ പഠനരംഗത്തും അഞ്ചു വർഷത്തെ കോഴ്സ് അംഗീകരിക്കണം എന്ന അഭിപ്രായം ഉണ്ട്. സർ, അതുപോലെതന്നെ പാവങ്ങൾക്ക് സൗജന്യ നിയമസഹായ പദ്ധതി കൂടുതൽ വ്യാപകമാക്കണമെന്നും അങ്ങനെ യുവ അഭിഭാഷകർക്ക് കുറച്ചുകൂടി ജോലി കൊടുക്കാനുള്ള സാദ്ധ്യത ഉണ്ടാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ ഗവൺമെൻറ് സ്കീം തയ്യാറാക്കി എങ്കിലും ഇതേവരെ ഒന്നും ചെയ്തിട്ടില്ല. അതുപോലെ തന്നെ പ്രാക്ടീസ് ആരംഭിച്ച് മൂന്നു വർഷത്തേക്ക്

LIBRARY ARCHIVES Kerala Legislative Assembly

എങ്കിലും യുവ അഭിഭാഷകർക്ക് സ്റ്റൈപ്പൻറ് കൊടുക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അതുപോലെതന്നെ പാർട്ട്ണർഷിപ്പ്. യുവ അഭിഭാഷകർക്ക് പ്രവർത്തന മൂലധനം നൽകണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്. തൊഴിൽ കണ്ടെത്താനുള്ള സൗകര്യങ്ങളും ഒരു അഭിഭാഷക വൃത്തിയിൽ ഉണ്ട്. അതുകൊണ്ടു ദേശസാൽകൃത ബാങ്കുകളിൽനിന്നും ഇവർക്ക് മൂലധനം ലഭിക്കുന്നതിനുള്ള സൗകര്യങ്ങളും ഉണ്ടാക്കേണ്ടതാണ്. അതുപോലെ തന്നെ മറെറാരു പ്രധാനപ്പെട്ട സംഗതി, നമ്മുടെ സംസ്ഥാനത്തെ നിയമംകൈകാര്യം ചെയ്യുന്ന പലവകുപ്പുകളിലും നിയമ ബിരുദധാരികളെ നിയമിക്കാൻ ഗവൺമെൻറ് അനാസ്ഥ കാണിക്കുന്നുണ്ട്. അത് ഇനിയും അംഗീകരിക്കാൻ സാദ്ധ്യമല്ല. നമ്മുടെ സംസ്ഥാന ഗവൺമെൻറിൻെറ കീഴിൽ ഉള്ള നിയമം കൈകാര്യം ചെയ്യുന്ന വേദികളിലെല്ലാം നിയമ ബിരുദം കരസ്ഥമാക്കിയ ആളുകളെ നിയമിക്കേണ്ടതാണ്. അതുപോലെ തന്നെ പ്രൊബ്യൂണലുകളിൽ പ്രൊസിഡിങ്ങ് ഓഫീസർമാരായി നിയമ പഠനം ലഭിച്ച ആളുകളെ നിയമിക്കാനുള്ള നടപടി ഗവൺമെൻറ് സ്വീകരിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഓരോന്നിലും സ്ഥിരമായി അഭിഭാഷകരെ നിയമിക്കണമെന്ന ആവശ്യം അവർ ഉന്നയിച്ചിട്ടുണ്ട്. സർക്കാർ ഉടമയിലുള്ള കമ്പനികളിലും നിയമ വിഭാഗം ആരംഭിക്കണമെന്നുള്ള ആവശ്യവും ഉന്നയിച്ചിട്ടുണ്ട്.

അങ്ങനെ ഏതാനും ഡിമാൻഡുകളും ഉന്നയിച്ചുകൊണ്ട് അവർ ആരംഭിച്ചിരിക്കുന്ന ഈ സമര പരിപാടി അവസാനിപ്പിക്കുന്നതിന് ഈ കാര്യത്തിൽ എത്രയും പെട്ടെന്ന് പരിഹാരം കണ്ടെത്താൻ ഗവൺമെൻറ് മുൻകൈ എടുക്കണം. ബഹുമാനപ്പെട്ട മന്ത്രി ആ കാര്യത്തിന് അടിയന്തിരമായി ലോ കോളേജ് സ്റ്റുഡൻറ്സിനെയും ആക്ഷൻ കൗൺസിൽ ഭാരവാഹികളെയും വിളിച്ച് സംസാരിക്കുകയും ഈ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുകയും ചെയ്യണമെന്നഭ്യർത്ഥിക്കുകയാണ്. പരിഹരിക്കുമെന്നുള്ള ഗവൺമെൻറിൻെറ വാഗ്ദാനങ്ങളും വെറും വാഗ്ദാനങ്ങളായി അവശേഷിപ്പിക്കാതെ സംസ്ഥാനത്തെ മുഖ്യമന്ത്രിയും ഗവൺമെൻറും ഒക്കെ നൽകിയിരിക്കുന്ന വാഗ്ദാനമെന്ന നിലക്ക് ഇത് പരിഹരിക്കാൻ അടിയന്തിരമായ നടപടി എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ) : സർ, നിയമ വിദ്യാർത്ഥികളുടെ ആവശ്യങ്ങളിൽ ഗവൺമെൻറിന് പൂർണ്ണമായ അനുഭാവം ഉണ്ട്. ബഹുമാനപ്പെട്ട മുൻ നിയമമന്ത്രി 9-10-1978-ൽ ഈ വിദ്യാർത്ഥികളുമായി ചർച്ച ചെയ്തിട്ടുണ്ടായിരുന്നു. ഇപ്പോഴത്തെ മുഖ്യമന്ത്രിക്ക് അവർ സമർപ്പിച്ചിരിക്കുന്ന മെമ്മോറാണ്ടത്തെക്കുറിച്ചും ചർച്ച നടത്താൻ വേണ്ടി മുഖ്യമന്ത്രി നിയമകാര്യമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

നിയമ വിദ്യാർത്ഥികളുടെ ആവശ്യങ്ങളിൽ പ്രധാനമായി ഉള്ളത് അവരുടെ പഠനകാലം മാറ്റണം എന്നുള്ളതാണ്. അതായത് ഡിഗ്രി കോഴ്സ് കഴിഞ്ഞു എൽ. എൽ. ബി. ക്ക് പോകുന്നതിനു പകരം 10+2+3+3 എന്നുള്ളത് 10+2+3 ആക്കി അവരുടെ പഠനകാലം ചുരുക്കണമെന്നതാണ് അവരുടെ ആവശ്യം. ജസ്റ്റിസ് ബാലകൃഷ്ണൻ ഏറാടിയുടെ അദ്ധ്യക്ഷതയിൽ നിയമിച്ച കമ്മിറ്റി ഓഫ് ലീഗൽ എഡ്യൂക്കേഷൻ അതിന് എതിരായിട്ടാണ് ശുപാർശ ചെയ്തിട്ടുള്ളത്. കമ്മിറ്റി പറയുന്നത് ഇപ്പോഴും ഉള്ളമാതിരി ബി. എ. പാസായതിനു ശേഷം

LIBRARY ARCHIVES Kerala Legislative Assembly

എൽ. എൽ. ബി. ക്ക് പോയാൽ മതി എന്നാണ്. പരിഷ്കരിച്ച രാജ്യങ്ങളിലെല്ലാം ആ സമ്പ്രദായമാണ് നിലവിലുള്ളത് എന്നാണ്. ഏതായാലും കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് യൂണിവേഴ്സിറ്റിയുടെ ശുപാർശ സ്വീകരിച്ചതിനുശേഷം മാത്രമേ ഗവൺമെന്റിന് തീരുമാനം എടുക്കാൻ പാടുള്ളൂ. യൂണിവേഴ്സിറ്റിയുടെ ശുപാർശക്ക് അയച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തു മാത്രം താഴ്ന്ന നിയമ കോഴ്സുകളും ഉണ്ടാക്കിയാൽ നിയമ വിദ്യാർത്ഥികളും പിന്നീട് വിഷമതകളും ഉണ്ടാകുന്ന കാര്യത്തെ കുറിച്ച് ഈ അവസരത്തിൽ അവർ ഓർമ്മിച്ചിട്ടുണ്ടാവില്ല. ഏതായാലും യൂണിവേഴ്സിറ്റിയുടെ റിപ്പോർട്ട് വരുന്ന മുറക്ക് ആവശ്യമായ നടപടികളും എടുക്കുന്നതാണ്.

പിന്നെ അഭിഭാഷകരായി പ്രാക്ടീസ് ആരംഭിക്കുന്നവർക്ക് മൂന്നു കൊല്ലത്തേക്ക് സ്റ്റൈപ്പന്റ് നൽകുക എന്നുള്ളതാണ്. അഭിഭാഷകന്മാരെ legal aid to the poor എന്നതിൽ ഉൾപ്പെടുത്തി നിയമിക്കുക എന്നതാണ് മറ്റൊരാവശ്യം. ഒരു കൊല്ലം അറുനൂറു മുതൽ എഴുനൂറ് വരെ അഭിഭാഷകർ പുറത്ത് വരുന്നുണ്ട്. അവർക്കെല്ലാവർക്കും സ്റ്റൈപ്പന്റ് കൊടുക്കുന്നത് സാമ്പത്തികമായി വലിയ ഭാരമായിരിക്കും. പിന്നെ രണ്ടുകൊല്ലം പ്രവർത്തന പരിചയം ഉള്ളവർ മാത്രമെ legal aid to the poor കൊടുക്കാൻ പാടുള്ളൂ. കൊടുക്കുന്നതുകൊണ്ട് എന്തെങ്കിലും പ്രയോജനം ഉണ്ടാകുണമല്ലോ.

പിന്നെ അവരുടെ ആവശ്യം പ്രവർത്തന മൂലധനം നൽകണമെന്നുള്ളതാണ്. ഇത് ഗവൺമെന്റ് ആലോചിച്ചുവരികയാണ്. ദേശസാൽകൃത ബാങ്കുകളിൽനിന്ന് അഭിഭാഷകർക്ക് കടം കിട്ടാൻ ഏർപ്പാട് ചെയ്യണമെന്നാണ് അവർ പറയുന്നത്. ഈ ആവശ്യം സ്റ്റേറ്റ് ലവൽ ബാങ്കിന്റെ പ്രത്യേകയിൽപ്പെടുത്തിയിട്ടുണ്ട്. ബാങ്കുകളിൽ ഇപ്പോഴും തന്നെ പ്രൊഫഷണൽ ലോൺ കൊടുക്കുന്നതിന് പദ്ധതികളും ഉണ്ട്. ഗവൺമെന്റ് അഭിഭാഷകർക്ക് കടം കൊടുക്കാൻ വേണ്ടി ബാങ്കുകളെ പ്രേരിപ്പിക്കുന്നതാണ്. അഭിഭാഷകനും ബാങ്കിനെ സമീപിക്കേണ്ടതാണ്.

അടുത്തത് തീരുമാനമെടുക്കുന്ന സകല തസ്തികകളിലും ലോ ഗ്രാജുവേറ്റിനെ നിയമിക്കണമെന്നതാണ്. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലുകളുടെ നിയമനത്തിൽ ലോയേഴ്സിനെ മുൻഗണന നൽകണമെന്നതാണ് മറ്റൊന്ന്. തീരുമാനമെടുക്കുന്ന എല്ലാ തസ്തികകളിലും ലോയേഴ്സിനെ നിയമിക്കണമെന്നുള്ളത് എത്രമാത്രം പ്രായോഗികമാണെന്ന് പെട്ടെന്ന് പറയാൻ കഴിയുകയില്ല. ആലോചിച്ചതിനുശേഷം മാത്രമേ പറയാൻ കഴിയുകയുള്ളൂ. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ എന്നു പറയുന്ന ഒരു ട്രൈബ്യൂണൽ ഈ നാട്ടിൽ ഇപ്പോഴും ഇല്ല. പിന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഫീൽഡ് ലോയേഴ്സിനെ നിയമിക്കണമെന്നുള്ളതാണ്. അത് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് എന്തുമാത്രം ഭാരമായിരിക്കുമെന്നത് അറിയില്ല. ഏതായാലും മുൻസിപ്പൽ കൗൺസിലുകൾക്ക് നിശ്ചിത ഫീസ് നൽകി സ്റ്റാൻഡിംഗ് കൗൺസിലിനെ നിയമിക്കാനുള്ള അധികാരം ഇപ്പോഴും തന്നെയുണ്ട്. മുഴുവൻ ലോയേഴ്സിനെ നിയമിക്കാൻ ഗവൺമെന്റ് ഇടപെട്ട് അവരെ നിർബന്ധിക്കുന്നത് ശരിയായിരിക്കുമെന്ന് എനിക്ക് അഭിപ്രായമില്ല. പിന്നെ ഗവൺമെന്റ് കമ്പനികളിൽ നിയമവിഭാഗം ആരംഭിക്കുന്നതിനെ സംബന്ധിച്ചാണെങ്കിൽ ആ കമ്പനികളാണ് അത് തീരുമാനിക്കേണ്ടത്. നിയമ വിഭാഗം ഉണ്ടാക്കണമെന്ന് കമ്പനികളെ നിർബന്ധിക്കുന്നത് ശരിയായിരിക്കുകയില്ല. അഭിഭാഷകരുടെ മറ്റു ആവശ്യങ്ങളെക്കുറിച്ച് ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : സർ, ഒരു ചോദ്യം. ലോ സ്റ്റുഡൻസ് ആക്ഷൻ കൗൺസിലിന്റെ പ്രതിനിധികളുമായി എന്നു ചർച്ച നടത്താനാണ് തീരുമാനിച്ചത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : തീയതി ഇപ്പോൾ പറയാൻ കഴിയുകയില്ല.

(ii) വേലവിരുത്തി വസ്തുക്കളിൻമേലുള്ള ഉടമസ്ഥാവകാശം തീരുമാനിക്കാത്തതിനാലുണ്ടായ സ്ഥിതിവിശേഷം

മി. സ്പീക്കർ: ആർഡർ, ആർഡർ.. ശ്രീ. ബി. എം. ഷെരീഫിന്റെ ശദ്ധ ക്ഷണിക്കൽ 29-ാം തീയതി ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയുടെ അഭാവത്തിൽ നിർത്തിവച്ചിരുന്നു.

ശ്രീ. ബി. എം. ഷെരീഫ് : സർ, മധ്യതിരുവിതാംകൂറിലുള്ള വേല വിരുത്തി വസ്തുക്കളെ സംബന്ധിച്ച് സാമൂഹ്യ രംഗത്തു വളരെയധികം പ്രശ്നങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണ്. സമ്പൂർണ്ണമായ ഭൂപരിഷ്കരണം നടപ്പിലാക്കിയ കേരളത്തിൽ, മൺമറഞ്ഞുപോയ രാജവാഴ്ചയുടെ അവശിഷ്ടമെന്നനിലയിൽ ഇത് സങ്കീർണ്ണങ്ങളായ പ്രശ്നങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, മാവേലിക്കര എന്നീ താലൂക്കുകളിൽ അഞ്ഞൂറിലധികം ഏക്കർ വസ്തുക്കൾക്ക് അവകാശികളാരെന്നു തീരുമാനിക്കാൻ കഴിയാത്ത സ്ഥിതിയാണ്. പോലീസ് സ്റ്റേഷനുകളിൽ ധാരാളം പ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. സർ, 1970-ലെ വിരുത്തിനിയമമനുസരിച്ച് ഈ വസ്തുക്കൾ ഗവൺമെൻറിൽ സ്ഥിതിചെയ്യുകയാണ്. എന്നാൽ ഗവൺമെൻറ് ഈ വസ്തുക്കൾ ഏറ്റെടുക്കാനോ കാർഷിക പരിഷ്കരണ നിയമമനുസരിച്ച് കൈകാര്യം ചെയ്യാനോ നടപടികളെടുത്തിട്ടില്ല. ഈ വസ്തുക്കളെ സംബന്ധിച്ച അവകാശത്തർക്കങ്ങൾ സങ്കീർണ്ണമായ പ്രശ്നങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. വേലകളി നടത്തുന്നതിന് രാജഭോഗം കൊടുത്ത് പതിച്ചുകൊടുത്തിരുന്ന വസ്തുക്കളായിരുന്നു. വിരുത്തിനിയമമനുസരിച്ച് ഗവൺമെൻറ് ഈ വസ്തുക്കൾ കരസ്ഥമാക്കിയപ്പോൾ അവകാശം തീരുമാനിക്കാത്തതിന്റെ ഫലമായി തർക്കങ്ങൾ ഉണ്ടായി കൂടുതൽകൂടുതൽ പ്രശ്നങ്ങൾ ഉണ്ടാകുകയാണ്. വീടുവയ്ക്കാനും മറ്റുമുള്ള പലതരത്തിലുള്ള ആനുകൂല്യങ്ങൾ ഗവൺമെൻറു ചെയ്യുമ്പോൾ അത്തരത്തിലുള്ള യാതൊരാനുകൂല്യവും വാങ്ങിക്കാൻ, ഉടമസ്ഥാവകാശം തീരുമാനിക്കപ്പെടാത്തതുകൊണ്ട് ഇന്നു കൈവശക്കാർക്കു കഴിയുന്നില്ല. ഈ ഭൂമികൾ കൈവശക്കാർക്കു പതിച്ചുകൊടുക്കുന്നതിനു നിയമംകൊണ്ടുവന്ന് മൂർത്തമായ നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ): സർ, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, മാവേലിക്കര ഈ താലൂക്കുകളിലാണു വിരുത്തിഭൂമി ഉള്ളതും അതിന്റെ പ്രശ്നങ്ങളുള്ളതും. നെടുമങ്ങാട് ചിറയിൻകീഴ് പ്രദേശങ്ങളിലും കുറച്ചുണ്ട്. ചില പ്രത്യേക കാലഘട്ടത്തിൽ ചില പ്രത്യേക സർവീസുകാർക്ക് അങ്ങനെ കൊടുത്തിട്ടുള്ളതാണ്. വിരുത്തി ഭൂമി കൈവശം വയ്ക്കുന്ന ആളുകൾക്ക് അതിൽ ഉടമസ്ഥാവകാശമില്ല. ഊഴിയം നടത്താൻ കൊടുത്തിരുന്നതാണ്. ഇപ്പോൾ ഊഴിയം

LIBRARY ARCHIVES Kerala Legislative Assembly